II ഇ.ബി. XIII-കേരള നിയമസഭ /XIII-1

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 മാർച്ച് 10, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

### 1 (*31&42 ) ആദിവാസിമേഖലയിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങളും ശിശുമരണങ്ങളും

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, ആദിവാസികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ

സ്വീകരിച്ചതിന്റെ ഫലമായി ശിശുമരണനിരക്ക് ഗണ്യമായി കുറയുകയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആരോഗ്യപ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പോഷകാഹാര വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ദുർബല വിഭാഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, അടിയ-പണിയ പാക്കേജ്, ഭക്ഷ്യസഹായ പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. അട്ടപ്പാടിയിൽ നവജാത ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമായി കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അട്ടപ്പാടിയുടെ പ്രാധാന്യവും പ്രത്യേകതയും കണക്കിലെടുത്ത് സബ്കളക്ടർ കൺവീനറായ ജനകീയ സമിതി ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം ജീവനോപാധി വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും കൃഷി, കാലിവളർത്തൽ, ആടുവളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായവും പ്രോത്സാഹനവും നൽകുകയും ചെയ്യുന്നതോടൊപ്പം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഒന്നാം തരം മുതൽ

പ്ലസ് ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസ സൗകര്യവും ഭക്ഷണവും പ്രദാനം ചെയ്യുന്നതോടൊപ്പം കൂടുതൽ പേർക്ക് സൗകര്യം ലഭ്യമാക്കുന്നതിനായി ഹോസ്റ്റലുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു; വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ചികിത്സാ ധനസഹായവും നൽകിവരുന്നതിനുപുറമേ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള ധനസഹായം 200 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ജനനി ജന്മരക്ഷാ പദ്ധതി വഴി ഓരോ മാസവും ആയിരം രൂപ വീതം നൽകിവരുന്നു. അശരണരായ പട്ടികവർഗ്ഗക്കാർക്കുവേണ്ടി കൈത്താങ്ങ് പദ്ധതിയും അരിവാൾ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആദിവാസി മേഖലയിൽ കുരങ്ങുപനി ബാധിച്ച രോഗികൾക്കും രോഗം ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കോളനികളിൽ ആരോഗ്യസർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പേവിഷ ബാധയ്ക്കുള്ള മരുന്ന് കാരുണ്യ ഫാർമസി വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുട്ടികൾക്ക് വിദഗ്ദ്ധ ചികിത്സ

ലഭ്യമാക്കുന്ന ദക്ഷിണേന്ത്യയിലെ ഏക സർക്കാർ ആശുപത്രിയായി തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയും പേവിഷ ബാധയ്ക്കുള്ള മരുന്ന് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള രോഗികളുടെ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

(ചോദ്യം നമ്പർ (*32) ഉന്നയിക്കപ്പെട്ടില്ല. )

2 (*33) വ്യവസായമേഖലകളിലെ ക്ലസ്റ്റർ ഡവല്മെന്റ്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, കേന്ദ്ര സൂക്ഷ്മ, ചെറുകിട ഇടത്തരം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസസ് -ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരം 14 ക്ലസ്റ്ററുകൾക്ക് അംഗീകാരം ലഭിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി ഗുണനിലവാര പരിശോധന, പരിശീലനം, പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ, വിപണനം, പൊതുവായ ബ്രാൻഡ് വികസിപ്പിക്കൽ, മൂല്യവർദ്ധന

ക്രെഡിറ്റ് ഗ്യാരന്റി, അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സാങ്കേതിക വിദ്യാ പുരോഗതി, ഗുണമേൻമ, പ്രവർത്തന മികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാധ്യതകൾ എന്നീ പൊതു വിഷയങ്ങൾ അഭിമുഖീകരിക്കുന്നതിനും ഇവയുടെ വളർച്ചയും നിലനിൽപ്പും ഉറപ്പുവരുത്തുന്നതോടൊപ്പം അനുബന്ധ സംരംഭങ്ങളുടെ കാലാനുസൃതമായ മാറ്റത്തിനും കൂട്ടായ പ്രവർത്തനത്തിനും പര്യാപ്തമാക്കുക, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക, കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. പദ്ധതി തുക 70:20:10 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും ക്ലസ്റ്ററുകളും വഹിക്കുന്നു. 2014-2015 കാലഘട്ടം വരെ 60 ക്ലസ്റ്ററുകൾ വ്യവസായ വാണിജ്യ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫുട്‌വെയർ ഡിസൈൻ ആന്റ് ഡവലപ്‌മെന്റ് സ്ഥാപനത്തിനനുവദിച്ച തുക ലാപ്സായത് സംബന്ധിച്ച് അന്വേഷിക്കുമെന്നും കേന്ദ്ര പദ്ധതിയായ മേക്ക് ഇൻ ഇൻഡ്യയുടെ ചുവടുപിടിച്ച് മേക്ക് ഇൻ കേരള പദ്ധതി നടപ്പാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 347 മുതൽ

692 വരെയുള്ള ചോദ്യങ്ങളിൽ 164 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)